# ചെമ്പകശ്ശേരി
## ഹയർസെക്കന്ററി സ്കൂൾ
## ഭൂതക്കുളം



# സൃഷ്ടി

**സ്കൂൾ** കോഡ് :- *41002*

# ഇന്ത്യൻ ഭരണഘടന
# ആമുഖം



***നമ്മൾ , ഇന്ത്യയിലെ ജനങ്ങൾ , ഇന്ത്യയെ ഒരു പരമാധികാര സ്ഥിതിസമസ്ത , മതനിരപേക്ഷ , ജനാധിപത്യ റിപ്പബ്ലിക് ആയി സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി , ചിന്ത , ആശയാവിഷ്കാരം , വിശ്വാസം , ഭക്തി , ആരാധന എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം സ്ഥാനമാനങ്ങൾ , അവസരങ്ങൾ ,***

***എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തുന്ന സാഹോദര്യം എല്ലാവരിലും വളർത്തുന്നതിനും  ദൃഢനിശ്ചയം ചെയ്തുകൊണ്ടു നമ്മുടെ ഭരണഘടനാസഭയിൽ  വച്ച് , 1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം , ഈ  ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായി തന്നെ സമർപ്പിക്കുകയും ചെയ്യുന്നു .***

## സന്ദേശം

ചെമ്പകശ്ശേരി ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ വിദ്യാർത്ഥികളുടെ മികവിന്റെ

സൃഷ്ട്ടികൾ ഡിജിറ്റൽ മാഗസിന്റെ രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിൽ അതീയായ സന്തോഷമുണ്ട്. സർഗ്ഗപ്രകടനങ്ങളുടെ അടയാളങ്ങൾ ഒരു വിദ്യാലയത്തിന്റെ മുഖമുദ്രയാകേണ്ടതാണ് .



കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന് അധ്യാപകരുടെ പങ്ക് പ്രശംസനീയം തന്നെ .' **സൃഷ്ടി** 'എന്ന ഈ ഡിജിറ്റൽ മാഗസിൻ സ്കൂൾ ഹെഡ്മിസ്ട്രസ് എന്ന നിലയിൽ എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ശ്രീകല എസ്
ഹെഡ്മിസ്ട്രസ്
ചെമ്പകശ്ശേരി ഹയർ സെക്കൻഡറി സ്കൂൾ

# ഉള്ളടക്കം

1. *വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം (കുറിപ്പ്)*

2. ***<u>I T ലോകവും കുട്ടികളും</u>*** *(കുറിപ്പ്)*

3. *വിദ്യാഭ്യാസത്തിന്റെ <u>പ്രാധാന്യം</u> (കുറിപ്പ്)*

4. ***<u>ഓരോ തുള്ളി ജലവും നമുക്ക് സംരക്ഷിക്കാം</u>*** *(കുറിപ്പ്)*

## <u>IT ലോകവും കുട്ടികളും</u>

നൂതനസാങ്കേതിക വിദ്യയുടെ ഒരു പൊൻതൂവലായി വിശേഷിപ്പിക്കാവുന്നതാണ് കമ്പ്യൂട്ടറിന്റെ കണ്ടുപിടിത്തം .കമ്പ്യൂട്ടർ കണ്ടുപിടിച്ച ആദ്യ കാലഘട്ടത്തിൽ ഒരു കണക്കുകൂട്ടൽ യന്ത്രമായിട്ടാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് കമ്പ്യൂട്ടർ വഴി ഒത്തിരിയേറെ വിവരങ്ങൾ ശേഖരിക്കാനും , ആശയ വിനിമയം നടത്താനും



എന്തിനേറെ പറയുന്നു നമ്മുടെ ലോകത്തെ ഒരു വിരൽ തുമ്പിൽ എത്തിക്കാനും ഇതുവഴി സാധിച്ചു .കുട്ടികളെ സംബന്ധിച്ചടുത്തോളം കമ്പ്യൂട്ടർ എന്നത് ഒരു അദ്ഭുത ലോകം തന്നെയാണ് .പാഠ്യവിഷയങ്ങളും പാഠ്യേതര വിഷയങ്ങളും കളിച്ചും രസിച്ചും ചിന്തിച്ചും പഠിക്കാനും മനസിലാക്കാനും സാധിക്കുന്നു . കമ്പ്യൂട്ടർ വഴി കുട്ടികൾക്ക് വിനോദത്തിലൂടെ വിജ്ഞാനം പകർന്നു നൽകുന്നു .കുട്ടികളെ സംബന്ധിച്ചു കമ്പ്യൂട്ടറിന്റെ കണ്ടുപിടിത്തം അവർക്കു വളരെയേറെ പ്രയോജനപ്രദമാണ്. വിവിധ തരാം പ്രോജക്ടുകൾ , സെമിനാർ , പോസ്റ്ററുകൾ തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങൾക്ക് ഏറെ പ്രയോജനപ്രദമാണ് കമ്പ്യൂട്ടർ .കുട്ടികൾക്ക് അറിവിന്റെയും അവസരങ്ങളുടെയും ജാലകം തുറക്കുന്ന ഐ ടി @ സ്കൂൾ എന്ന വെബ്സൈറ്റ് ഏറെ പ്രയോജനപ്രദമാണ് . മാറുന്ന ഈ ലോകത്തിൽ കമ്പ്യൂട്ടർ പഠനം ഏറ്റവും അത്യന്താപേക്ഷിതമാണ്. ഈ നൂതന കാലഘട്ടത്തിൽ ഒട്ടനവധി സ്കൂളുകൾ ഹൈടെക് ആയി കഴിഞ്ഞു .

സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ്റൂം എന്ന ആശയം വ്യാപിച്ചു .ഭാവിയിൽ പാഠപുസ്തകങ്ങളും , ബ്ലാക്ക് ബോർഡ് , ചോക്ക് തുടങ്ങിയവ അപ്രത്യക്ഷമാകുകയും പൂർണമായും ക്ലാസ്സ്മുറികൾ കംപ്യൂട്ടർവൽകൃതമാകുകയും ചെയ്യും . ആ നല്ല നാളെക്കായി നമുക്ക് കാത്തിരിക്കാം . ഒരു നാണയത്തിനു രണ്ടു വശങ്ങൾ ഉള്ളതുപോലെ കമ്പ്യൂട്ടർ ഉപയോഗം വഴി നല്ല വശവും ദൂഷ്യവശവും ഉണ്ട് . ശ്രദ്ധയോടുകൂടി ഉപയോഗിച്ചാൽ അത് നന്നേ നമ്മുടെ തിന്മയുടെ പടവിലേക്കു ഉയർത്തും . തെറ്റായ രീതിയിൽ

ഉപയോഗിച്ചാൽ അത് നമ്മെ തിന്മയുടെ പടുകുഴിയിലേക്ക് താഴത്തും .

C - Careful

O - Optical

M - Memory

P - Powerful

U - Upper

T - Technological

E – Energetic

R – Restore

*വിദ്യാഭ്യാസത്തിന്റെ*

*<u>പ്രാധാന്യം</u>*

*വിദ്യാധനം സര്വ്വധനാല്പ്രധാനം എന്നാണല്ലോ. വിദ്യ എന്ന ധനം മനുഷ്യജീവിതത്തില് അത്യന്താപേക്ഷിതമായ പരമപ്രധാനമായ ഓരു കാര്യമാണല്ലോ ! സമൂഹത്തില്മാന്യമായ ഓരു സ്ഥാനം ഉണ്ടാകണമെങ്കില് വിദ്യ കൂടിയേ തീരു .വിദ്യ കൈമുതലായി*

ഉണ്ടായെങ്കില് മാത്രമേ ധനവും പ്രാപ്തമാകൂ. മറ്റു ധനങ്ങള് കൊടുക്കുംതോറും കുറഞ്ഞുകൊണ്ടിരിക്കും. എന്നാല് കെടുക്കുതോറും ഏറുന്ന ധനമാണ്  വിദ്യ.

പഴയ തലമുറയെക്കാള് പുതുതലമുറയില് എഴുത്തും വായനയും കൂടിയിട്ടുണ്ട്. പണ്ടുകാലത്തെ ഗുരുകുലവിദ്യാഭ്യാസവും പൊതു വിദ്യാലയങ്ങളിലെ  പഠനവും കുട്ടികളിലെ സാഹിത്യവാസനയും കലാകായിക കഴിവുകളുംവെളിച്ചത്ത് കൊണ്ടുവരാന് ഏറെ സഹായിച്ചിരുന്നു. മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാന് അക്കാലവിദ്യാഭ്യാസത്തിനു കഴിന്നു. പഴയ തലമുറ വായനയിലൂടെ വിനോദവും വിജ്ഞനവും കണ്ടെത്തിയിരുന്നെങ്കില് ഇന്നത്തെ തലമുറ നൂതന സാങ്കേതിക വിദ്യയിലുടെ വിനോദവും വിജ്ഞാനവും കണ്ടെത്തുന്നു. വിദ്യ ഏതൊരു പൗരനെയും ഉന്നതസ്ഥാനത്തെത്തിക്കുന്നു. ഇന്നത്തെ തലമുറ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മറന്ന് മറ്റ് മേഖല കളിലൂടെയാണ് പോകുകയുംപ്രവർത്തിക്കുകയും ചെയ്യുന്നത്. പഴയ തലമുറ മറ്റുള്ളവരുടെ സുഖത്തിലും ദുഃഖത്തിലും പങ്കുചേരുകയും അവരുടെ മനസ്സ് അറിഞ്ഞു. പ്രവർത്തിക്കുകയും ചെയ്യുമായിരുന്നു.എഴുത്തും വായനയും അറിയാത്തവരുടെ ബുദ്ധിമുട്ടുകള് നിരവധിയാണ്.അതില് നിന്ന് രക്ഷനേടാൻ വിദ്യ കൂടിയെതീരൂ.

വിദ്യാഭ്യാസമില്ലാതെ നിരവധി കുട്ടികള്

*ജോലിയെടുക്കുന്നു. ആ പ്രായത്തില് അവർക്ക് വിദ്യാഭ്യാസത്തിന്റെപ്രാധാന്യം അറിയില്ല. അതുകൊണ്ട് നാം*
*പഠിച്ച് ഉന്നതസ്ഥാനം നേടുന്നതിനൊപ്പ ം മറ്റുള്ളവർക്ക്അത്പറഞ്ഞുകൊടുക്കാനും കഴിയണം .ഇതുപോലെ എല്ലാ കാര്യങ്ങള്ക്കും വിദ്യ ആവശ്യമായതിനാല് നാം വിദ്യാസമ്പന്നരായേ മതിയാകൂ.*

*വിദ്യകൊണ്ട് പ്രബുദ്ധരാകൂ....*

***ശബ്ന ഹബീബ്***

***STD: 9 C***

## ഓരോ തുള്ളി ജലവും നമുക്ക് സംരക്ഷിക്കാം

കേരളത്തിൽ മഴ ഒരു കാലത്തു അലങ്കാരവും അഹങ്കാരവും ആയിരുന്നുവെങ്കിൽ ഇന്നത് അസ്ഥിരവും അലഭ്യവും ആയികൊണ്ടിരിക്കുന്നു . ഓരോ മഴയും ഓരോ തുള്ളിയും വിവേകപൂർവം സംരക്ഷിക്കേണ്ടതാണ്. മഴവെള്ളസംഭരണത്തിൽ സമഗ്രമായ സമീപനമാണ് വേണ്ടത്.



ഉപരിതല ജലം വൻതോതിൽ മണ്ണിൽ താഴ്ന്നിറങ്ങാനും ഭൂഗർഭജലം പരിപോഷിപ്പിക്കാനും അതുവഴി ഈർപ്പവും വെള്ളവും മനുഷ്യർക്കും സസ്യങ്ങൾക്കും ജീവാണുക്കൾക്കും പരിസ്ഥിതിക്കും ലഭ്യമാകുന്ന രീതിയാണ് സുസ്ഥിരമായത് . കേരളത്തിലെ മഴയുടെ 10 ശതമാനത്തിൽ കൂടുതൽ മണ്ണിലെയ്യും മരത്തിലെയും ഈർപ്പം ആവിയായി ഉയർന്നു പെയ്യുന്നതാണെന്നുള്ളതുതന്നെ ഇതിന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്നു .

പഞ്ചായത്തുതലത്തിൽ ഭൂഗര്ഭജലത്തിലേക്കു റീചാർജ് ചെയ്യാനുതകുന്ന രീതിയിൽ മഴവെള്ളം ഉപയോഗിക്കണം . ഉപരിതലജലം മണ്ണിലേക്ക് ഇറങ്ങുന്നതിനായി പ്രത്യേകം കുഴികളും കിടങ്ങുകളും വീടുകൾ ,പഞ്ചായത്ത് പരിസരം , സ്കൂളുകൾ , ആരാധനാലയങ്ങൾ , വീട്ടിവളപ്പുകൾ എന്നിങ്ങനെ സ്ഥലം ലഭ്യമായിടത്തെല്ലാം ഉണ്ടാക്കാം .ഒഴിഞ്ഞും തരിശായിട്ടും കിടക്കുന്ന സ്ഥലങ്ങളിൽ ഫലം കായ്ക്കുന്ന മരങ്ങൾ നടാം. നാശോന്മുഖമായ പുഴകളും തണ്ണീർത്തടങ്ങളും കുളങ്ങളും എന്തിനു പാറകുളങ്ങൾ പോലും പരിപോഷിച്ചു വീണ്ടെടുക്കാം . ഒരു സ്ഥലത്തു ഒരു വിള മാത്രം കൃഷി ചെയ്യുന്നതിന് പകരം അഗ്രോഫോറെസ്റ്ററി - വിളകൾക്കിടയിൽ മരങ്ങൾ നടുന്ന രീതി ആകാം .പശ്ചിമഘട്ടത്തിലെ ഹരിതാവനങ്ങളേയും ഹൈറേഞ്ചിലെ അവശേഷിക്കുന്ന മൊട്ടകുന്നുകളെയും നമുക്ക് വെറുതെ വിടാം .

പാർപ്പിടങ്ങൾ പണിയുമ്പോൾ അത് മേലോട്ട് ഉയരട്ടെ , ഏതു വഴി കെട്ടിടങ്ങൾക്കായി പുതിയ ഭൂമി ചൂഷണം ചെയ്യുന്നതിന് പകരം കൂടുതൽ പൊതു ഇടങ്ങൾ സൃഷ്ടിക്കുകയും പ്രകൃതിയും ജലസമ്പത്തും സംരക്ഷിക്കുകയും ചെയ്യാം. കേരളത്തിന്റെ വിസ്തീര്ണവും ജനസംഖ്യയും വച്ചുനോക്കുമ്പോൾ ഇത് അത്യന്താപേക്ഷിതമാണ് .

വരും വർഷങ്ങളിൽ മഴ ഇനിയും കുറഞ്ഞേക്കാം . മഴയുടെ തോത് നിയന്ത്രിക്കാൻ നമുക്ക് കഴഞ്ഞെന്നു വരില്ല. പക്ഷെ കിട്ടുന്ന മഴ നല്ല നാളെക്കായി ആവതും സംരക്ഷിക്കാം.